"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**

(നിലവിൽ: ഡോ.വീണ എൻ മാധവൻ ഐ എ എസ് )

വിഷയം:- ട്രെയിനിംഗ് ഡയറക്ടറേറ്റ് - സീനിയർ സൂപ്രണ്ട് തസ്തിക - 2023 വർഷത്തെ പൊതു സ്ഥലം മാറ്റം/പുന:ക്രമീകരണവും സ്ഥാനക്കയറ്റവും - അനോമലി പരിഹരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) 26.07.2023 ലെ DT/3180/2023-A3 നമ്പർ ഉത്തരവ്.

2) ശ്രീ.പ്രദീപ് പി.എസ്, ജൂനിയർ സൂപ്രണ്ടിന്റെ 31.07.2023 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ: DT/3180/2023-A3 തീയതി: 03-08-2023**

പരാമർശ (1) ഉത്തരവ് പ്രകാരം 2023 വർഷത്തെ പൊതു സ്ഥലം മാറ്റം/പുന:ക്രമീകരണവും സ്ഥാനക്കയറ്റവും അനുവദിച്ച് ഉത്തരവായിരുന്നു. ആയത് പ്രകാരം ശ്രീ.പ്രദീപ് പി.എസ്, ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ പുഴക്കാട്ടിരിക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് കാസർഗോഡ് ഐ.ടി.ഐ യിൽ നിയമിച്ചിരുന്നു. എന്നാൽ നട്ടെല്ലിനു ശസ്ത്രക്രീയയ്ക്ക് വിധേയയായി തുടർ ചികിത്സയിലായിട്ടുള്ളതും പരസഹായമില്ലാതെ ദൈനംദിന ആവശ്യങ്ങൾ നിർവഹിക്കുവാൻ കഴിയാത്ത അവസ്ഥയിലുമുള്ള ടിയാളുടെ ഭാര്യയുടെ സംരക്ഷണാനാർത്ഥം സ്വന്തം ജില്ലയിലെ താരതമ്യേന ദൂരക്കുറവുള്ള അരീകോട് ഐ.ടി.ഐ യിലേയ്ക്ക് നിയമിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ.പ്രദീപ് പി.എസ്-ന്റെ അനോമലി അപേക്ഷ അനുകമ്പാർഹമായ കാരണങ്ങൾ പരിഗണിച്ച് ചുവടെ പറയും പ്രകാരം സ്ഥലം മാറ്റം അനുവദിച്ച് അനോമലി അപേക്ഷ പരിഹരിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് ,തസ്തിക | പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥലം മാറ്റം /സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള സ്ഥാപനം | അനോമലി അപേക്ഷ പരിഹരിച്ച് സ്ഥലം മാറ്റം അനുവദിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ.പ്രദീപ് പി.എസ്, ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ പുഴക്കാട്ടിരി | ഐ.ടി.ഐ കാസർഗോഡ് | ഐ.ടി.ഐ അരീകോട് | സ്ഥാനക്കയറ്റം |
| 2 | ശ്രീ.ബാലചന്ദ്രൻ എസ്, സീനിയർ സൂപ്രണ്ട് ,ഐ.ടി.ഐ (വ) കഴക്കൂട്ടം | ഐ.ടി.ഐ അരീകോട് | ഐ.ടി.ഐ കണ്ണൂർ | പുന:ക്രമീകരണം |
| 3 | ശ്രീ.രാഘവ് എം, ജൂനിയർ സൂപ്രണ്ട്, ട്രെയിനിംഗ് ഡയറക്ടറേറ്റ് | ഐ.ടി.ഐ കണ്ണൂർ | ഐ.ടി.ഐ കാസർഗോഡ് | സ്ഥാനക്കയറ്റം |

മേൽ പറഞ്ഞ ജീവനക്കാരെ സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

ട്രെയിനിംഗ് ഡയറക്ടർ

**സ്വീകർത്താവ് :**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

**പകർപ്പ് :**

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ /സി.എ (ഡി.റ്റി /എ.ഡി.റ്റി /ജെ.ഡി.റ്റി /വകുപ്പ് വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്